LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നയങ്ങൾ - പോലീസ് മേധാവിയുടെ പരസ്യ പ്രസ്താവന

251 (261) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നയങ്ങളെ വിമർശിച്ച് പോലീസ് മേധാവി പരസ്യ പ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളെ പോലീസ് മേധാവി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പോലീസ് മേധാവി തന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ നടത്തുന്ന പ്രസ്താവനകളും കമന്റുകളും അഭിപ്രായങ്ങളും സഹപ്രവർത്തകർക്ക് നേരെയുള്ള വിമർശനങ്ങളും സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ, ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സോഷ്യൽ മീഡിയാവഴിയുള്ള അഭിപ്രായ പ്രകടനത്തിന്റെ പേരിൽ ഏതെങ്കിലും ഐ.പി.എസ്. ഓഫീസർമാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനമൈത്രി പോലീസിന്റെ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള തെറ്റായ പ്രവർത്തനങ്ങളെക്കുറിച്ചാണ് പോലീസ് മേധാവി പരാമർശം നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടില്ല.

(സി) ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട ചട്ടങ്ങൾ (1968-ലെ AIS Rules) സൂചിപ്പിക്കുകയാണ് സംസ്ഥാന പോലീസ് മേധാവി തന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ ചെയ്തിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക പോലീസ് ഓഫീസറെപ്പറ്റിയോ സഹപ്രവർത്തകരെപ്പറ്റിയോ പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സോഷ്യൽ മീഡിയാവഴിയുള്ള അഭിപ്രായപ്രകടനത്തിന്റെ പേരിൽ ഐ.പി.എസ്. ഓഫീസർമാർക്കെതിരെ നടപടിയെടുത്തിട്ടില്ല.